പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 560

27-03-2018 ൽ മറുപടിക്ക്

**കൃഷിയിടങ്ങൾക്ക് അനുയോജ്യമായ കാർഷിക യന്ത്രങ്ങൾ വികസിപ്പിക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.**<br>**,, പി.ബി. അബ്ദുൽ റസ്സാക്ക്**<br>**,, പാറക്കൽ അബ്ദുല്ല**<br>**,, സി.മമ്മൂട്ടി** | ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കൃഷിയിടങ്ങൾ വിസ്തൃതി വളരെ കുറഞ്ഞവയാണെന്നത് കണക്കിലെടുത്ത് അതിനനുയോജ്യമായ കാർഷിക ലഘു യന്ത്രങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കാംകോയുടെ ഉല്പന്നങ്ങളായ പവർ ടില്ലർ, പവർ റീപ്പർ, ഗാർഡൻ ടില്ലർ, മിനിട്രാക്ടർ (Tera TRAC 4W), ബ്രഷ് കട്ടർ, വാട്ടർ പമ്പ് സെറ്റ് എന്നിവയെല്ലാം തന്നെ ചെറുകിട കാർഷികവൃത്തിക്ക് അനുയോജ്യമായവയാണ്. മാറിവരുന്ന സാഹചര്യങ്ങൾക്കനുസൃതമായി പുതിയ ഉല്പന്നങ്ങൾ കണ്ടെത്തുവാൻ കമ്പനിയിൽ R & D ഡിപ്പാർട്ട്മെന്റ് പ്രവർത്തിച്ചുവരുന്നു. കാണോവീഡർ, വിവിധയിനം സ്പ്രേയറുകൾ തുടങ്ങി ചെറുകിട കർഷകർക്ക് അനുയോജ്യമായ ഉല്പന്നങ്ങളും വികസിപ്പിക്കുവാൻ കാംകോ പദ്ധതിയിട്ടിട്ടുണ്ട്. ഇതിൽ കാണോവീഡറിന്റെ ടെസ്റ്റിംഗ് നടന്നുവരികയാണ്. ഭാവിയിൽ ഡിമാന്റ് അനുസരിച്ച് പുതിയ ഉല്പന്നങ്ങൾ പുറത്തിറക്കുന്നതാണ്. സംസ്ഥാനത്തെ വിസ്തൃതി കുറഞ്ഞ കൃഷിയിടങ്ങൾക്ക് അനുയോജ്യമായ ഗാർഡൻ ടില്ലർ, ബ്രഷ് കട്ടർ, മിനി ട്രാക്ടർ, പോസ്റ്റ് ഹോൾ ഡിഗ്ഗർ മുതലായ ചെറുകിട കാർഷിക യന്ത്രങ്ങളും, ഉപകരണങ്ങളും കെയ്കോ വിപണനം ചെയ്തുവരുന്നു.<br>സംസ്ഥാനത്തെ കൃഷിയിടങ്ങളിൽ ഉപയോഗിച്ചുവരുന്ന മിനിട്രാക്ടർ, പവർടില്ലർ, ഗാർഡൻ ടില്ലർ, നടീൽയന്ത്രം, കൊയ്ത്ത് യന്ത്രം, കുഴിയെടുക്കൽ യന്ത്രം, ഹോർട്ടികൾച്ചർ മേഖലയിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾ, മെതിയന്ത്രം, പാറ്റൽ യന്ത്രം, ചാഫ് കട്ടർ, ട്രാക്ടറിൽ ഘടിപ്പിച്ച് പ്രവർത്തിപ്പിക്കുന്ന ഉപകരണങ്ങൾ തുടങ്ങിയ എല്ലാ യന്ത്രങ്ങളും ഉപകരണങ്ങളും വിസ്തൃതി കുറഞ്ഞ കൃഷിയിടങ്ങൾക്ക് വളരെ അനുയോജ്യമായവയാണ്. ഇത്തരം പുതിയ യന്ത്രങ്ങൾ സംസ്ഥാനത്തിന് യോജിച്ചതാണോയെന്ന് പാടത്ത് പരീക്ഷിച്ച് വിലയിരുത്തുന്നതിനും |

| | | | |
|---|---|---|---|
| | | | വികസിപ്പിച്ചെടുക്കുന്നതിനും കേരളാ കാർഷിക സർവ്വകലാശാലയേയും കൃഷി വകുപ്പിന് കീഴിൽ തിരുവനന്തപുരം വെള്ളായണിയിൽ പ്രവർത്തിക്കുന്ന റിസർച്ച് ടെസ്റ്റിംഗ് ആൻറ് ട്രെയിനിംഗ് സെന്ററിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സ്ത്രീകൾ ഒറ്റയ്ക്കും സഹകരണ സംഘങ്ങൾ രൂപീകരിച്ചും കാർഷികമേഖലയിലേയ്ക്ക് കടന്നുവരുന്നതിനാൽ അവർക്കു പയോഗിക്കാൻ അനുയോജ്യമായ യന്ത്രങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ; | (ബി) | കാംകോയുടെ ഉല്പന്നങ്ങളായ പവർ റീപ്പർ, ഗാർഡൻ ടില്ലർ, ബ്രഷ് കട്ടർ, വാട്ടർ പമ്പ് സെറ്റ് എന്നിവ സ്ത്രീകൾക്ക് അനായാസം ഉപയോഗിക്കാവുന്നവയാണ്. സ്ത്രീ സൗഹൃദ/സ്ത്രീ സംഘ സൗഹൃദ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വികസിപ്പിച്ചെടുക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാർഷിക സർവ്വകലാശാലയേയും കൃഷി വകുപ്പിന് കീഴിൽ തിരുവനന്തപുരം വെള്ളായണിയിൽ പ്രവർത്തിക്കുന്ന റിസർച്ച് ടെസ്റ്റിംഗ് ആന്റ് ട്രെയിനിംഗ് സെന്ററിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | വിവിധങ്ങളായ കാർഷിക ജോലികൾ എളുപ്പത്തിൽ ചെയ്യാവുന്ന മൾട്ടി പർപ്പസ് യന്ത്രങ്ങൾ കർഷകർക്ക് കുറഞ്ഞ ചെലവിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (സി) | കർഷകർക്ക് കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ, കസ്റ്റം ഹയറിംഗ് സെന്റർ എന്നിവ വഴി വിവിധങ്ങളായ കാർഷിക ജോലികൾ എളുപ്പത്തിൽ ചെയ്യാവുന്ന യന്ത്രങ്ങൾ കുറഞ്ഞ വാടകയ്ക്ക് ലഭ്യമാക്കുന്നു. കൂടാതെ ഇത്തരം യന്ത്രങ്ങൾ വ്യക്തികൾക്കും, സംരംഭകർക്കും സ്വയം സഹായ സംഘങ്ങൾക്കും, കർഷകർക്കും, സഹകരണ സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ SMAM വഴി നൽകി വരുന്നു. ടില്ലിംഗിനും, കൊയ്യുന്നതിനും, പമ്പിംഗിനും ഉതകുന്ന തരത്തിലുള്ള ഒരു പുതിയ ഉല്പന്നം വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കാംകോ പുതുതായി വികസിപ്പിക്കുന്ന പല ഉപകരണങ്ങളും മൾട്ടിപർപ്പസ് യന്ത്രങ്ങളുടെ ഇനത്തിൽപ്പെടുന്നവയാണ്. |

സെക്ഷൻ ഓഫീസർ